# 'യേശുവിനോടുള്ള സ്നേഹം'

## യോഹന്നാൻ 21:15

''അവർ പ്രാതൽ കഴിച്ചശേഷം യേശു ശിമോൻ പത്രൊസിനോടു: യോഹന്നാന്റെ മകനായ ശിമോനേ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ എന്നു ചോദിച്ചു.''

ക്രിസ്തീയ ജീവിതം യേശുവിനോടുള്ള സ്നേഹത്തിൽ അധിവസിക്കുന്ന ജീവിതമാണല്ലോ. ദൈവം സ്നേഹമാകുന്നു. അവൻ നമ്മെ സ്നേഹിക്കുന്നു. നിത്യസ്നേഹത്താൽ പരിപാലിക്കുന്നു എന്നൊക്കെയുള്ള സത്യം എല്ലാ വിശ്വാസിക്കും അറിയാം. എന്നാൽ ജീവിതത്തിൽ എന്താണ് ''ദൈവത്തോടുള്ള സ്നേഹം''. ഉയർത്തെഴുന്നേറ്റശേഷം യേശു പത്രോസിനോടും ഇതേ ചോദ്യം തന്നെയല്ലേ നാം മുകളിൽ ഉന്നയിച്ചു കണ്ടത്. ''നീ ഇവരിലധികമായി എന്നെ സ്നേഹിക്കുന്നുവോ.'' ''അധികമായി'' എന്ന പദം എന്തു തന്നെ ആകട്ടെ, ഒരു പക്ഷേ മറ്റു പ്രവർത്തികളേക്കാൾ അധികമായിട്ടോ അല്ലെങ്കിൽ കൂടെയുള്ള മറ്റു ശിഷ്യന്മാരിലധികമോ എന്തു തന്നെ ആയാലും അടിസ്ഥാനപരമായി ചോദ്യത്തിന് മാറ്റമില്ല. നാം യേശുവിനെ വാസ്തവത്തിൽ എത്രമാത്രം സ്നേഹിക്കുന്നുണ്ട്? പത്രോസിനോട് ഉന്നയിച്ച ഇതേ ചോദ്യം നമുക്ക് ഓരോരുത്തർക്കും നമ്മോടുതന്നെ ചോദിക്കാം.

സ്നേഹം നിരന്തരമായി പ്രകടിപ്പിക്കേണ്ടതും തന്ത്രപ്പെടാതെ ശാന്തമായി വെളിപ്പെടേണ്ടതുമായ ഒരു ഭാഷയാണ്. അങ്ങനെ എങ്ങനെയാണ് ദൈവത്തോടുള്ള സ്നേഹം വെളിവാകുന്നത്? ക്രിസ്തുവിനായുള്ള ആവേശം അഥവാ പരമമായ അന്തരാത്മാവിലെ ദാഹമാണ് ഇത് വെളിപ്പെടുത്തുന്നത്. നിരന്തരമായി അവന്റെ സ്നേഹത്തിലുള്ള ആഴമായ ആശ്രയത്തിൽനിന്നും അവനോടുള്ള ആഴമായ ധ്യാനത്തിൽനിന്നും ഇത് പ്രകടമാകുന്നു. ഈ പൂർണ്ണാശ്രയത്വം നിരന്തരം അവന്റെ സ്നേഹത്തിൽ ഏതവസ്ഥയിലും അതിയായി ആനന്ദിക്കാൻ പ്രാപ്തരാക്കിത്തീർക്കും.

യേശുവിനോടുള്ള വ്യക്തിപരമായ സ്നേഹത്താൽ ജീവിതം മുഴുവൻ പൂരിതമാക്കുക എന്നാണല്ലോ തിരുവചനത്തിന്റെ തന്നെ ലക്ഷ്യം. വീണ്ടെടുപ്പിന്റെ ഉദ്ദേശ്യവും അതുതന്നെ വെളിപ്പെടുത്തുന്നു. യേശുവിന്റെ സ്നേഹം നമ്മെ രക്ഷിച്ചു. ഈ സ്നേഹത്തിൽ നിറഞ്ഞ് അവനുമായുള്ള ബന്ധത്തിൽ ജീവിക്കുവാൻ ശക്തിപ്പെടുക. ഈ ശക്തി നമുക്ക് പ്രാർത്ഥനയിൽ (വ്യക്തിയായി, കുടുംബമായി, കൂട്ടായ്മയായി) യേശുവുമായിട്ടുള്ള കൂട്ടായ്മയിലൂടെ ലഭിക്കും. അപ്പോൾ ആ കണ്ണുകളിലേക്ക് സ്നേഹത്തോടെ നോക്കാൻ നാം പഠിക്കും, സ്നേഹത്തോടെ യേശുവിന്റെ സ്വരം കേൾക്കാൻ കഴിയും. വീണ്ടും ഈ ആകാംക്ഷയും ആവേശവും വർദ്ധിക്കും. അവിടുത്തെ കരങ്ങളിൽ പൂർണ്ണമായി വിശ്രമിക്കുന്ന ഒരു അവസ്ഥ ജീവിതത്തിൽ ലഭിക്കും.

ഇന്ന് ജീവിതത്തിന്റെ തിരക്ക്, ഏകാഗ്രതയോടും തീക്ഷ്ണമായ ധ്യാനത്തോടും അവനെ സ്നേഹിക്കാൻ ദൈവമക്കളെ പരാജയപ്പെടുത്തുന്നു. ഒരു പ്രത്യേക അവസരത്തിൽ മാത്രം ഭക്തി കർമ്മങ്ങൾ കൊണ്ട് നിർമ്മിച്ചെടുക്കുന്ന ഒരു അനുഭൂതിയല്ല സ്നേഹം. അവന്റെ മുഖത്തേയ്ക്ക് നോക്കിയവർ ഈ സ്നേഹത്താൽ പിടിക്കപ്പെട്ടവരാകുന്നു. സ്നേഹിക്കുന്തോറും ആനന്ദവും ആവേശവും വർദ്ധിക്കും. വീണ്ടും ആഴമായ സ്നേഹത്തിലേക്ക് പരിശുദ്ധാത്മാവ് നയിക്കുവാൻ സദാ വാഞ്ജയുള്ളവനായി കൂടെയിരിക്കും.

അങ്ങനെയെങ്കിൽ വിനയത്തോടെ യേശുവിന്റെ സന്നിധിയിലേക്ക് ചെന്ന് സ്നേഹം പ്രദർശിപ്പിക്കുന്നതിൽ എത്രമാത്രം തണുത്തും, ഉറഞ്ഞും പോയിരിക്കുന്നു എന്ന് ശോധന ചെയ്യാം. ''ആദ്യസ്നേഹം'' വിട്ടുകളഞ്ഞു എന്ന ആരോപണം നമ്മുടെമേൽ വീഴാതെ സൂക്ഷിക്കാം. ആദിമസഭയിലെ വിശുദ്ധന്മാരുടെ സ്നേഹം നമുക്ക് മാതൃകയാകട്ടെ. യേശുവിനെ വേണ്ടവിധം സ്നേഹിക്കാം. പുതുകൃപകൾ തരാൻ പരിശുദ്ധാത്മാവ് സഹായിക്കട്ടെ. അതേ, യേശു ആഗ്രഹിക്കുന്നവിധം അവനെ സ്നേഹിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്ന വ്യക്തിപരമായ സ്നേഹം ആത്മാവിന്റെ നിറവിൽ ആർജ്ജിക്കാം. പൂർണ്ണ ഹൃദയത്തോടെ, പൂർണ്ണ മനസ്സോടെ, പൂർണ്ണ ശക്തിയോടെ, പൂർണ്ണ ആത്മാവോടെ കർത്താവിനെ സ്നേഹിക്കാം. അവന്റെ സ്നേഹക്കൊടിക്കീഴിൽ അണിനിരക്കാൻ നിത്യം സഹായിക്കട്ടെ എന്ന് കർത്താവിനോട് പ്രാർത്ഥിക്കുന്നു.

**പരാമർശം :**
**യോഹന്നാൻ 14:23**

''യേശു അവനോടു എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും; എന്റെ പിതാവു അവനെ സ്നേഹിക്കും; ഞങ്ങൾ അവന്റെ അടുക്കൽ വന്നു അവനോടുകൂടെ വാസം ചെയ്യും.''

**സിസ്റ്റർ ബിന്ദു റെജി അയ്മനം 014**